# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *196 16.08.2017- ൽ മറുപടിക്ക്

'ബിസിനസ് ടു ബിസിനസ് ' മീറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ<br>" കെ. കെ. രാമചന്ദ്രൻ നായർ<br>" മുരളി പെരുനെല്ലി<br>,, എ. പ്രദീപ്കുമാർ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. **<u>സംരംഭകത്വ സഹായ പദ്ധതി</u>**<br><br>1. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽശുന്നു, പരാമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.<br>2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽ കും.<br>3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.<br>4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരാമാവധി 10 |

| | | | |
|---|---|---|---|
| | | | ലക്ഷം അധിക സഹായം ലഭിക്കും.<br><br>(2) <u>ഇ.ഡി.ക്ലബ്ബ്</u><br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു. ഓരോ ജില്ലയിലും മികച്ചനിലയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ .ഹയർ സെക്കന്ററി സ്ക്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇഡി ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ഇഡി ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>• വ്യക്തിത്വ വികസനം.<br>• വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കൽ.<br>• സ്വയം തൊഴിലിന്റെ മഹത്വം പകർന്ന് നൽകൽ.<br>• നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തൽ. |

| | | | |
|---|---|---|---|
| | | | • വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യൽ.<br>• അധ്വാനത്തിന്റെ മഹത്വം വിളംബരം ചെയ്യൽ.<br>• വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കൽ.<br>**3. ഇൻകുബേഷൻ സെന്ററുകൾ :**<br>വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.<br>ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | ബിസിനസ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്<br>കെ.ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ, ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ, തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| ബി) | സംസ്ഥാനത്തിന്റെ വ്യാവസായിക ഉൽപ്പാദനക്ഷമത പ്രദർശിപ്പിക്കുന്നതിനും ഉല്പന്നങ്ങളെ വിപണിയിൽ അവതരിപ്പിക്കുന്നതിനും നിക്ഷേപകരിൽ താല്പര്യം സൃഷ്ടിക്കുന്നതിനുമായി 'ബിസിനസ് ടു ബിസിനസ് മീറ്റ്' സംഘടിപ്പിച്ചിട്ടുണ്ടോ എങ്കിൽ വിശദാംശം നല്കാമോ ; | ബി) | **ഉണ്ട്** സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾക്ക് അനുസൃതമായി വ്യവസായ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുക എന്ന ഉദ്ദേശത്തോടെ വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകർക്കു വേണ്ടി 'കേരള ബിസിനസ് ടു ബിസിനസ് മീറ്റ്', ('വ്യാപാർ 2017'), 2017 ഫെബ്രുവരി രണ്ട് മുതൽ നാല് വരെ |

| | | | |
|---|---|---|---|
| | | | കൊച്ചിയിലെ ബോൾഗാട്ടി പാലസിൽ വച്ചു നടത്തി. പതിനാല് ജില്ലകളിൽ നിന്നായി തെരെഞ്ഞെടുക്കപ്പെട്ട 200 എം.എസ്.എം.ഇ കൾ പങ്കെടുത്തു. 'വ്യാപാർ' 2017 ൽ പങ്കെടുത്ത വ്യവസായ യൂണിറ്റുകളും സന്ദർശിച്ച 478 ബൈയേഴ്സും തമ്മിൽ 7300 ബിസിനസ്സ് മീറ്റിംഗുകളും 3700 വ്യാപാര അന്വേഷണങ്ങളും നടന്നു. |
| സി) | പ്രസ്തുത മേളയുടെ ട്രേഡ് പാർട്ട്ണർ ആരാണെന്നും ഏതെല്ലാം മേഖലകളിലുള്ള ഉല്പന്നങ്ങളാണ് ഇവിടെ പ്രദർശിപ്പിക്കപ്പെട്ടതെന്നും വ്യക്തമാക്കാമോ? | സി) | കേരള സർക്കാർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കെ-ബിപ്പ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി, കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് എന്നിവരാണ് പ്രസ്തുത മേളയുടെ മുഖ്യ സംഘാടകർ. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി (FICCI) ആയിരുന്നു ട്രേഡ് & ഇൻഡസ്ട്രി പാർട്ട്ണർ.<br>കേരളത്തിലെ സുപ്രധാന മേഖലകളായ ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, കയർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലകളിലെ ഉത്പന്നങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയിരുന്നത്. |

സെക്ഷൻ ഓഫീസർ